"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വിസ്- ചാവക്കാട് നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.പി.എം.ശശി, ശിപായി തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എൻ.പി.പുരുഷോത്തമൻ എന്നിവർക്കെതിരായ 1960 ലെ KCS (CCA) Rule ചട്ടം 18 പ്രകാരമുള്ള അച്ചടക്കനടപടി- ടിയാളുകളെ സേവനത്തിൽ നിന്നും നീക്കം ചെയ്തു തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.123/2025/LSGD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:-

1. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ കോടതിയുടെ 14.02.2023തിയതിയിലെ സിസി.07/2010(VC 16/2003/TSR) നമ്പർ വിധിന്യായം.
2. 16.06.2023 തീയതിയിലെ സ.ഉ(സാധാ) നം.1248/2023/തസ്വഭവ.
3. 17.06.2023 തീയതിയിലെ ഇയു2-259/2021/തസ്വഭവ- നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ.പി.എം.ശശി സമർപ്പിച്ച 10.07.2023 തീയതിയിലെ പ്രതിവാദപത്രിക.
5. ശ്രീ.എൻ.പി.പുരുഷോത്തമൻ സമർപ്പിച്ച അപേക്ഷ.
6. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.04.2024 തീയതിയിലെ LSGD/PD/4798/2023-VIGC5 നമ്പർ കത്ത്.
7. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28.06.2025 തീയതിയിലെ A1 -3/50/2024-KPSCനമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുനിസിപ്പൽ കോമൺ സർവ്വീസിൽ ചാവക്കാട് നഗരസഭയിൽ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.പി.എം.ശശി, ശിപായി(ഓഫീസ് അറ്റൻഡന്റ്) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എൻ.പി.പുരുഷോത്തമൻ എന്നിവർ ടി നഗരസഭയിൽ സേവനമനുഷ്ഠിച്ചുവരവെ, വ്യാജ രസീത് ബുക്കുകൾ ഉണ്ടാക്കി 03.03.2001 മുതൽ 16.04.2001 വരെയുള്ള കാലയളവിൽ കെട്ടിടനികുതി പിരിച്ചെടുത്ത് ആയത് നഗരസഭയിൽ അടയ്ക്കാതെ പണാപഹരണം നടത്തി നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയതായ വിഷയത്തിൽ ടിയാളുകൾക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും, പ്രസ്തുത വിജിലൻസ് കേസിൽ തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ പരാമർശം 1 വിധിന്യായപ്രകാരം പ്രസ്തുത കേസിൽ കുറ്റക്കാരെന്നുകണ്ട് ടിയാന്മാർക്ക് ജയിൽശിക്ഷയും

പിഴയും വിധിച്ചിരുന്നു.

2. പ്രസ്തുത കോടതിവിധിക്കെതിരെ ശ്രീ.പി.എം.ശശി, ശ്രീ.എൻ.പി.പുരുഷോത്തമൻ എന്നിവർ സമർപ്പിച്ച അപ്പീലിൽ ബഹു.ഹൈക്കോടതിയുടെ 06.03.2023, 07.03.2023 തീയതികളിലെ ഇടക്കാലവിധി പ്രകാരം പ്രസ്തുത ശിക്ഷ സസ്പെൻഡ് ചെയ്തിരുന്നു.

3. വിജിലൻസ് കോടതി ഉത്തരവിന്റെയടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചതിൽ, ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കുറ്റത്തിനായി ഒരു ക്രിമിനൽ കോടതി കുറ്റം ചുമത്തുകയും, ടിയാനെതിരെ തടവോ പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടിയാൾ പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ, ശിക്ഷ സസ്പെൻഡ് ചെയ്തിട്ടുണ്ടോ എന്ന ഭേദമില്ലാത്ത ടി ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് 1960- ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 18-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻപ്രകാരം ശ്രീ.പി.എം.ശശി, ശ്രീ.എൻ.പി.പുരുഷോത്തമൻ എന്നിവർക്കെതിരെ 1960ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസിൽ ചട്ടം 18 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഉടൻ പ്രാബല്യത്തിൽ ടിയാളുകളെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടിയാളുകളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചു കൊണ്ട് പരാമർശം 3 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

4. കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതർ പരാമർശം 4,5 പ്രകാരം സമർപ്പിച്ച മറുപടിയിൽ, വിജിലൻസ് കോടതി വിധിക്കെതിരെ ടിയാന്മാർ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും വിജിലൻസ് കോടതിയുടെ ഉത്തരവ്, നിബന്ധനകൾക്ക് വിധേയമായി സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണെന്ന് ബോധിപ്പിച്ചിരുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ സമർപ്പിച്ച പരാമർശം 6 റിപ്പോർട്ട് പ്രകാരം ബഹു. കോടതി വിധിക്കനുസൃതമായി അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണ് എന്ന് തദ്ദേശസ്വയംഭരണവകുപ്പ് തൃശ്ശൂർ ജില്ലാജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുകയുണ്ടായി.

6. പ്രസ്തുത ജീവനക്കാർക്കെതിരായ തുടർനടപടിയുടെ ഭാഗമായി 26.06.2024 ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി ടിയാളുകളെ നേരിൽ കേൾക്കുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയിൽ അറിയിച്ചതിൽ നിന്നും വ്യത്യസ്തമായി ഒന്നും തന്നെ ഹിയറിംഗ് വേളയിൽ ടിയാളുകൾ ബോധിപ്പിച്ചിരുന്നില്ല. തങ്ങൾ നേരിടുന്ന പരിതാപകരമായ അവസ്ഥ കണക്കിലെടുത്ത് ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ടിയാളുകൾ അപേക്ഷിച്ചിരുന്നു.

7. കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയുടേയും നേരിൽ കേട്ട സമയത്തെ ജീവനക്കാരുടെ വാദങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പ്രസ്തുത ജീവനക്കാർക്കെതിരെ 1960 ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 18 പ്രകാരം ആരംഭിച്ച നടപടികൾ തുടരുന്നതിന് തീരുമാനിച്ച് ചാവക്കാട് നഗരസഭയിലെ ക്ലാർക്കായിരുന്ന ശ്രീ.പി.എം.ശശി, ശിപായിയായിരുന്ന ശ്രീ.എൻ.പി.പുരുഷോത്തമൻ എന്നിവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിൽ കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു.

8. ഇക്കാര്യത്തിൽ പരാമർശം 7 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം

ലഭ്യമായത് പ്രകാരം, ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ ശ്രീ.പി.എം. ശശിയുടെ കാര്യത്തിൽ സർക്കാരിന്റെ താത്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ, ശ്രീ.എൻ.പി.പുരുഷോത്തമൻ (OA) യുടെ കാര്യത്തിൽ KCS (CCA) Rule ചട്ടം 18 പ്രകാരം ടിയാൻ സസ്പെൻഷനിലായ തീയതി മുതൽ ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണ് എന്നും ടിയാനെ Remove ചെയ്യണോ അതോ Dismiss ചെയ്യണോ എന്നത് സർക്കാരിന് തീരുമാനിക്കാവുന്നതാണ് എന്നും അറിയിക്കുകയുണ്ടായി.

9. മേൽ സാഹചര്യത്തിൽ VC 16/2003/TSR നമ്പർ വിജിലൻസ് കേസിലെ തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ വിധിന്യായത്തിന്റെയടിസ്ഥാനത്തിൽ ചാവക്കാട് നഗരസഭയിൽ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.പി.എം.ശശി, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എൻ.പി.പുരുഷോത്തമൻ എന്നിവർക്കെതിരെ 1960ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസിൽ ചട്ടം 18 പ്രകാരം ആരംഭിച്ച നടപടി, ശ്രീ.പി.എം.ശശിയെ KCS(CC&A) Rule 11(1)(vii) പ്രകാരം (Removal from the Civil Service) സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ടും, 31.05.2024 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.എൻ.പി.പുരുഷോത്തമൻ എന്നവരെ KCS(CC&A) Rule 11(1)(vii) പ്രകാരം ടിയാൻ സസ്പെൻഷനിലായ 16.06.2023 തീയതി മുതൽ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ടും, തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. പി.എം.ശശി, ക്ലർക്ക്, തൃശ്ശൂർ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. എൻ.പി. പുരുഷോത്തമൻ, റിട്ട. ശിപായി(ഓഫീസ് അറ്റൻഡന്റ്), ചാലക്കുടി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (അ.കുറിപ്പ് നം.വിജി-എഫ്1/104/2023/വിജി തീയതി 01.07.2023 പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 19-07-2025 15:51:48
സെക്ഷൻ ഓഫീസർ